(ഇ) കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്.

(എഫ്) ഓരോ പദ്ധതികൾക്കും ഉദ്ദേശിക്കുന്ന ചെലവ് താഴെ പറയുന്നു.

1. കിലോമീറ്റർ 41/00 മുതൽ 58/00 വരെ ബി.എം.& എ.സി. ചെയ്യുന്നതിന് ഉദ്ദേശം 3.60 കോടി രൂപ.
2. കിലോമീറ്റർ 53/800 ജംഗ്ഷൻ ഇമ്പ്രൂവ്മെന്റ് 0.30 കോടി രൂപ
3. കിലോമീറ്റർ 19/00 മുതൽ 24/900 വരെയും കിലോമീറ്റർ 27/300 മുതൽ 29/00 വരെയും ഇമ്പ്രൂവ്മെന്റ് 5.00 കോടി രൂപ.

കോഴിക്കോട് പുതിയങ്ങാടി പുതിയാപ്പ റെയിൽവേ ലെവൽ ക്രോസിന് അംഗീകാരം

56 (718) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് പുതിയങ്ങാടി പുതിയപ്പാ റെയിൽവേ ലവൽ ക്രോസിന് റെയിൽവേ ആവശ്യപ്പെട്ട മുഴുവൻ തുകയും അടയ്ക്കുവാൻ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ ; എങ്കിൽ അംഗീകാരം നൽകിയ തീയതി വ്യക്തമാക്കാമോ ;

(ബി) സർക്കാർ അംഗീകാരം നൽകിയ തുക മുഴുവനായും റെയിൽവേയ്ക്ക് അടിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത തുക അടയ്ക്കുന്നതിൽ വീഴ്ച വന്നതിന്റെ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) റെയിൽവേ ആവശ്യപ്പെട്ട 29,41,600 രൂപയ്ക്കുള്ള പുതുക്കിയ ഭരണാനുമതി 21-06-2000-ൽ നല്കിയിട്ടുണ്ട്.

(ബി & സി) 15,51,540 രൂപ റെയിൽവേയ്ക്ക് അടച്ചിട്ടുണ്ട്. ബാക്കി തുക ലഭ്യമാകുന്നമുറയ്ക്ക് റെയിൽവേയ്ക്ക് നൽകുന്നതാണ്.

കൊടുങ്ങല്ലൂർ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം

57(721) പ്രൊഫ: മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊടുങ്ങല്ലൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ 2000-2001 വർഷത്തിൽത്തന്നെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly